**കേരള സർക്കാർ**
**സാമൂഹ്യനീതി വകുപ്പ്**

SOCIAL JUSTICE DEPARTMENT

KERALA SOCIAL SECURITY MISSION

# UDID പോർട്ടൽ മുഖേന ഭിന്നശേഷി കാർഡ് അനുവദിയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ

**ഘട്ടം 1**

www.swavlambancard.gov.in എന്ന UDID വെബ് പോർട്ടലിലെ രജിസ്റ്റർ എന്ന് ലിങ്കിൽ പോയി ഭിന്നശേഷിക്കാരനായ വ്യക്തി രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. ഇത് സ്മാർട്ട് ഫോണിലൂടെയും കമ്പ്യൂട്ടറിലൂടെയും ചെയ്യുവാൻ കഴിയും. പ്രസ്തുത സൗകര്യമില്ലാത്തവർക്ക് അക്ഷയ സെന്റർ/ കമ്പ്യൂട്ടർ സെന്റർ മുഖേന രജിസ്റ്റർ ചെയ്യാവുന്നതാണ്.




**ഘട്ടം 2**

"Apply Online" എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്. ആയത് മലയാളത്തിലും ഇംഗ്ലീഷിലും ചെയ്യുവാനുള്ള സൗകര്യം പോർട്ടലിൽ ലഭ്യമാണ്.

**ഘട്ടം 3**

**പാസ്പോർട്ട് സൈസ്** കളർ ഫോട്ടോയും മറ്റ് **തിരിച്ചറിയൽ രേഖകളും** ഓൺലൈൻ ആയി അപ്‌ലോഡ് ചെയ്യുക.

**ഘട്ടം 4**

പ്രസ്തുത വിവരങ്ങൾ **DMO/ ജില്ലാ/ താലൂക്ക്/ ജനറൽ ആശുപത്രി/ മെഡിക്കൽ കോളേജ്** – ലേയ്ക്ക് സമർപ്പിയ്ക്കുക.

**ഘട്ടം 5**

DMO/ ജില്ലാ/ താലൂക്ക്/ ജനറൽ ആശുപത്രി/ മെഡിക്കൽ കോളേജ് ലെ ബന്ധപ്പെട്ടവർ പ്രസ്തുത **വിവരങ്ങൾ പരിശോധിയ്ക്കുന്നു.**

**ഘട്ടം 6**

വിവരങ്ങൾ പരിശോധിച്ചതിനു ശേഷം DMO/ ജില്ലാ/ താലൂക്ക്/ ജനറൽ ആശുപത്രി/ മെഡിക്കൽ കോളേജിലെ ബന്ധപ്പെട്ട **വിദഗ്ദ്ധർക്ക് അഭിപ്രായത്തിനായി സമർപ്പിക്കപ്പെടുന്നു.**

**ഘട്ടം 7**

സ്പെഷ്യലിസ്റ്റ് ഡോക്ടർ **ഭിന്നശേഷിത്വം വിലയിരുത്തുകയും** അതുമായി ബന്ധപ്പെട്ട അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്യുന്നു.

**ഘട്ടം 8**

മെഡിക്കൽ ബോർഡ് കേസ് അവലോകനം ചെയ്യുകയും **ഭിന്നശേഷിത്വത്തിന്റെ ശതമാനം നിർണ്ണയിക്കുകയും** ചെയ്യുന്നു. DMO ഓഫീസ് ഭിന്നശേഷി സർട്ടിഫിക്കറ്റ് തയ്യാറാക്കുകയും **UDID, ഭിന്നശേഷി സർട്ടിഫിക്കറ്റ് ജനറേറ്റ്** ചെയ്യുകയും ചെയ്യുന്നു.

**ഘട്ടം 9**

UDID ഡാറ്റാ ഷീറ്റ് **UDID കാർഡായി പ്രിന്റ് ചെയ്യുകയും** ഭിന്നശേഷിക്കാരന് അയച്ചു കൊടുക്കുകയും ചെയ്യുന്നു.




**ഭിന്നശേഷി മെഡിക്കൽ സർട്ടിഫിക്കറ്റുകൾ 01-06-2021 മുതൽ ഓൺലൈനായി UDID പോർട്ടൽ മുഖേന മാത്രം ലഭ്യമാവുകയുള്ളൂ.**